**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1049** **09-10-2024 - ൽ മറുപടിയ്ക്ക്**

**മലങ്കര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ, പൂഞ്ഞാർ നിയോജകമണ്ഡങ്ങളിലെ പതിമൂന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള മലങ്കര കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | മീനച്ചിൽ മലങ്കര ശുദ്ധജല വിതരണ പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള നിലവിലെ അവസ്ഥ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ ഇവ പരിഹരിച്ച് പദ്ധതി അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കട്ടിംഗ് അനുമതി ധാരാളമായി വേണ്ടതിനാലും റോഡ് കട്ടിംഗിനുള്ള മൺസൂൺ ബാൻ, പ്രതികൂലകാലാവസ്ഥ എന്നിവ മൂലം പദ്ധതിയുടെ പുരോഗതിയിൽ കുറവ് വന്നിട്ടുണ്ട്. കാലാവസ്ഥ അനുകൂലമായാൽ പ്രവൃത്തികളുടെ നടത്തിപ്പിൽ കൂടുതൽ വേഗത കൈവരിക്കാനാകും. 2025 ഓടെ പദ്ധതി പൂർത്തീകരിച്ച് 42230 ഗാർഹിക കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിടുന്നത്. പ്രവർത്തന പുരോഗതിയെ സംബന്ധിച്ച് വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തി പദ്ധതി തടസ്സങ്ങൾ ഒഴിവാക്കി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

<u>മീനച്ചിൽ -മലങ്കര -പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ</u>

| പ്രവൃത്തിയുടെ പേര് | സാങ്കേതികാനുമതി തുക (കോടി) | ഗർഹിക കണക്ഷൻ | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|
| പാക്കേജ് 1-&2 | 203.7 | NIL | 10 % പണി കഴിഞ്ഞു |
| കടനാട് | 77.3 | 3631 | 15 % പണി കഴിഞ്ഞു |
| രാമപുരം | 102.61 | 7161 | 20 % പണി കഴിഞ്ഞു |
| ഭരണങ്ങാനം | 62.04 | 1874 | 15 % പണി കഴിഞ്ഞു |
| മേലുകാവ് | 61.52 | 3568 | വർക്ക് ഓർഡർ നൽകി കരാർ വയ്കേണ്ടതുണ്ട്. |
| മൂന്നിലവ് | 75 | 2605 | പണി ആരംഭിച്ചു |
| തലനാട് | 50.76 | 3121 | 15 % പണി കഴിഞ്ഞു |
| പൂഞ്ഞാർ | 46.31 | 4005 | 18 % പണി കഴിഞ്ഞു |
| പൂഞ്ഞാർ-തെക്കേക്കര | 134.73 | 3125 | 8 % പണി കഴിഞ്ഞു |
| മീനച്ചിൽ | 58.78 | 1968 | വർക്ക് ഓർഡർ നൽകി കരാർ വയ്കേണ്ടതുണ്ട് |
| തിടനാട് | 79.03 | 3527 | 15 % പണി കഴിഞ്ഞു |
| തലപ്പലം | 13.36 | 597 | 20 % പണി കഴിഞ്ഞു |
| തീകോയ് | 94.08 | 2892 | 10 % പണി കഴിഞ്ഞു |
| കൂട്ടിക്കൽ | 85.13 | 4156 | 5 % പണി കഴിഞ്ഞു |